LIBRARY ARCHIVES Kerala Legislative Assembly

1.	ജലവൈദ്യുതി (K.S.E.B.L)	512.52 ദശ ലക്ഷം യൂണിറ്റ് (33.718%)
2.	താപവൈദ്യുതി	
	(a) BDPP+KDPP (K.S.E.B.L)	19.7014 ദശ ലക്ഷം യൂണിറ്റ്
	(b) RGCCPP(കായംകളം)+BSES	135.7573 ദശ ലക്ഷം യൂണിറ്റ്
	(c) കേന്ദ്ര വിഹിതം	748.4118 ദശ ലക്ഷം യൂണിറ്റ്
	മൊത്തം	903.8705 ദശ ലക്ഷം യൂണിറ്റ് (59.5%)
3.	ആണവ വൈദ്യുതി (കേന്ദ്ര വിഹിതം)	41.55 ദശ ലക്ഷം യൂണിറ്റ് (2.7%)
4.	പാരമ്പര്യേതര സ്രോതസ്സുകൾ K.S.E.B.L -ന്റെയും സ്വകാര്യ ഉടമസ്ഥതയിലും ഉള്ള ചെറുകിട ജലവൈദ്യുതി (25 MW ന് താഴെ) കാറ്റിൽ നിന്നുള്ള വൈദ്യുതി co-generation എന്നിവ ഉൾപ്പെടുന്നു.	62.41 ദശ ലക്ഷം യൂണിറ്റ്(4.1%)

ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി

26 (*356) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ മുഴുവൻ ഭവനരഹിതർക്കും അഭയമൊരുക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഭവനരഹിതരുടെ ഏതെങ്കിലും തരത്തിലുള്ള സർവ്വേ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഭവനരഹിതരായ ആദിവാസികൾ അടക്കം മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണം നടത്തുന്നതിന് മറ്റ് വകുപ്പുകളുടെ കൂടി ഏകോപനത്തോടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിനായി കണക്കാക്കപ്പെട്ട ആകെ ചെലവെത്ര; വിവിധ സ്കീമുകളിൽ എത്ര തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലാന്റ് റവന്യൂ കമ്മിഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കരിമണൽ ഖനനം

27(*357) ശ്രീ. എം. എ. ബേബി :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ തക്ക സമയത്ത് ഇടപെടുന്നതിലെ വീഴ്ച കരിമണൽ ഖനനത്തിന് സ്വകാര്യമേഖലയ്ക്ക് അനുമതി ലഭിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) സ്വകാര്യമേഖലയിൽ ലഭിച്ച ഖനനാനുമതി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കരിമണൽ ഖനനത്തിന് പൊതുമേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly